(എ) പി. വി. ഐ. പി യെ റീ-വാമ്പിംഗ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഈ സ്കീം അനുസരിച്ച് എത്ര രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) പി. വി.ഐ. പി. യുടെ നെല്ലാട് ബ്രാഞ്ച് കനാൽ പീപ്പിൾസ് പാർട്ടിസിപ്പേഷൻ സ്കീമിൽ ഉൾപ്പെടുത്തി പണി നടത്തിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; എന്നത്തേയ്ക്ക് പണി ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15 കോടി രൂപ.

(സി) പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ സ്കീമിൽപ്പെടുത്തി അനുവാദം കിട്ടിയിട്ടുണ്ട്. സർക്കാരിന്റെ ഇറിഗേഷൻ പോളിസി നടപ്പാക്കുന്നതനുസരിച്ച് നെല്ലാട് ബ്രാഞ്ച് കനാലിന്റെ പണികൾ ആരംഭിക്കുന്നതാണ്.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

33 (1700) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീംകോടതി വിധിയെ തുടർന്ന് സർവ്വീസിൽ തുടരുന്നവരും 19-9-1990 - ന് ഒരു വർഷം സർവ്വീസ് തികയാത്തവരുമായ വാട്ടർ അതോറിറ്റിയിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഉടൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സുപ്രീംകോടതി വിധിയെത്തുടർന്ന് സർവ്വീസിൽ തുടരുന്നവരും 19-9-1990-ന് ഒരു വർഷം സർവ്വീസ് തികയാത്തവരുമായ വാട്ടർ അതോറിറ്റിയിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

കൊടാട്ട് വി. സി. ബി. പദ്ധതി

34 (1701) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അജാസൂർ പഞ്ചായത്തിലെ കൊടാട്ട് വി. സി. ബി. എന്ന പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly